# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 8121

24.07.2012 ൽ മറുപടിക്ക്

### ചേർത്തല വാഗൺ ഫാക്ടറിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

**ചോദ്യം**

ഡോ. ടി. എം.തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, സി.കെ.സദാശിവൻ
,, എ.എം. ആരിഫ്

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ചേർത്തല വാഗൺ ഫാക്ടറി സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാനുള്ള നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ; ആയത് റെയിൽവേയെ അറിയിച്ചിട്ടുണ്ടോ;

(എ) ചേർത്തല വാഗൺ ഫാക്ടറി സംബന്ധിച്ച വിശദമായ നിർദ്ദേശം റെയിൽവേയിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) വാഗൺ ഫാക്ടറി സ്വകാര്യമേഖലയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ചേർത്തല തിരുവിഴ വില്ലേജിൽ 100 ഏക്കറോളം കൃഷി ഭൂമി ഏറ്റെടുക്കാനുള്ള എന്തെങ്കിലും പദ്ധതി യുണ്ടോ;

(ബി) ചേർത്തല തെക്ക് വില്ലേജിൽ, ഇതിലേയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(സി) വാഗൺ ഫാക്ടറിക്കായി ഇത്രയധികം ഭൂമി വേണമെന്ന് റെയിൽവേ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നുവോ;

(സി) വാഗൺ നിർമ്മാണ ഫാക്ടറിയ്ക്ക് 60 ഏക്കർ ഭൂമി ലഭ്യമാക്കണമെന്ന് റെയിൽവേ അറിയിച്ചിരുന്നു.

(ഡി) സിലിക്ക അടങ്ങിയ മണൽ ലഭ്യമായ ഈ പ്രദേശത്ത് സിലിക്ക മണൽ ഖനനം നടത്തുന്നതിന് വേണ്ടിയാണ് സ്വകാര്യ സംരംഭകർ ഇത്രയേറെ ഭൂമി ഈ പദ്ധതിയിലൂടെ കൈക്കലാക്കാൻ ശ്രമിക്കുന്നതെന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലമെടുപ്പ് സംബന്ധിച്ച് റെയിൽവേയുടെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു?

(ഇ) പ്രോജക്ടിന് ആവശ്യമായ സ്ഥലം എത്രയും വേഗം ലഭ്യമാക്കണമെന്നും അങ്ങനെ ലഭ്യമാകുന്ന സ്ഥലത്തിന് യാതൊരുവിധ ബാധ്യതകളും പാടില്ലെന്നും, 10 ഏക്കർ സ്ഥലം തിരുവിഴ റെയിൽവേസ്റ്റേഷൻ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമാണെന്നും, സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രസ്തുത സ്ഥലത്തെ മറ്റ് നടപടികൾ മരവിപ്പിക്കണമെന്നും റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ